## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 474- 29/11/2018-ലെ മറുപടിക്ക്

# ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ടി. തോമസ് | ഡോ. ടി. എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| ചോദ്യം | ഉത്തരം |
|---|---|
| (എ) പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ സംസ്ഥാനത്തിന് ദോഷകരമായ നിർദ്ദേശങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | ഉണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റെഫറൻസിലെ താഴെ പറയുന്ന നിർദ്ദേശങ്ങൾ സംസ്ഥാനത്തിന് ദോഷകരമാണ്.<br>(1) സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതം നിശ്ചയിക്കുന്നതിന് മാനദണ്ഡമായി 2011-ലെ ജനസംഖ്യ ഉപയോഗിക്കുന്നത്.<br>(ടേംസ് ഓഫ് റെഫറൻസിലെ ഐറ്റം 8)<br>(2) സംസ്ഥാനങ്ങൾക്കു നൽകുന്ന റവന്യൂ കമ്മി ധനസഹായം പുനഃ പരിശോധനാ വിധേയമാക്കുന്നത്.<br>(ടേംസ് ഓഫ് റെഫറൻസിലെ ഐറ്റം 5)<br>(3) ഭരണഘടനാനുഛേദം 293(3) പ്രകാരം സംസ്ഥാനങ്ങൾക്ക് കടമെടുക്കുന്നതിന് കേന്ദ്ര ഗവണ്മെന്റ് നൽകി വരുന്ന അനുവാദത്തിനു നിബന്ധനകൾ ഏർപ്പെടുത്തുന്നത് പരിശോധിക്കുവാനുള്ള നിർദ്ദേശം.<br>(ടേംസ് ഓഫ് റെഹറൻസിലെ ഐറ്റം 6)<br>(4) ഇൻസെന്റീവ് സംബന്ധിച്ച നിർദ്ദേശം.<br>(ടേംസ് ഓഫ് റെഫറൻസിലെ ഐറ്റം 7)<br>(5)ജനക്ഷേമകരമായ പദ്ധതികൾ നടപ്പിൽ വരുത്തുന്നത് നിയന്ത്രണ വിധേയമാക്കുന്നത്.<br>[ടേംസ് ഓഫ് റെഫറൻസിലെ ഐറ്റം 7(viii)] |
| (ബി) പ്രസ്തുത അപാകതകൾ ധനകാര്യ കമ്മീഷന്റെ ശ്രദ്ധയിൽകൊണ്ടു വന്ന് അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് | പതിനഞ്ചാം ധനകാര്യകമ്മീഷൻ സംസ്ഥാനത്ത് സന്ദർശനം നടത്തിയപ്പോൾ (28.05.2018 മുതൽ 31.05.2018 വരെ) ടേംസ് ഓഫ് റെഫറൻസിലെ ദോഷകരമായ നിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെടുത്തി |

| | |
|---|---|
| വ്യക്തമാക്കുമോ; | സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ അടങ്ങുന്ന മെമ്മോറാണ്ടം കമ്മീഷന് കൈമാറിയിട്ടുണ്ട്. കൂടാതെ ടേംസ് ഓഫ് റെഫറൻസിലെ അപാകതകൾ, സഹകരണാത്മക ഫെഡറലിസത്തിന്റെ അന്തസത്തയ്ക്ക് വിരുദ്ധമായ കാഴ്ചപ്പാട് എന്നിവ തിരുത്തണമെന്ന നിലപാട് സംസ്ഥാന ധനമന്ത്രിമാരുടെ തിരുവനന്തപുരം, അമരാവതി കോൺക്ലേവുകൾ കൈക്കൊള്ളുകയും ആയത് ഒരു നിവേദനത്തിലൂടെ ആദരണീയനായ ഇന്ത്യൻ രാഷ്ട്രപതിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| സി) ധനകാര്യ കമ്മീഷൻ സംസ്ഥാനം സന്ദർശിച്ചപ്പോൾ സമർപ്പിച്ച മെമ്മോറാണ്ടത്തിലെ പ്രധാന ആവശ്യങ്ങൾ വിശദമാക്കുമോ; ഇതിന്മേലുള്ള കമ്മീഷന്റെ പ്രതികരണം എന്താണെന്ന് വ്യക്തമാക്കാമോ; | ധനകാര്യ കമ്മീഷൻ സംസ്ഥാനം സന്ദർശിച്ചപ്പോൾ സമർപ്പിച്ച മെമ്മോറാണ്ടത്തിലെ പ്രധാന ആവശ്യങ്ങൾ ഇവയാണ്;<br>• സംസ്ഥാനങ്ങൾക്ക് വിഭജിച്ചുനൽകുന്ന കേന്ദ്ര നികുതിയുടെ വിഹിതം നിലവിലെ 42 ശതമാനത്തിൽ നിന്നും 50 ശതമാനമായി ഉയർത്തുക.<br>• സംസ്ഥാനങ്ങൾക്കിടയിൽ നികുതി വിഭജനത്തിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ സ്വീകരിക്കേണ്ടതാണ്;<br>ടേംസ് ഓഫ് റഫറൻസ് 8 നീക്കം ചെയ്യണമെന്നും ജനസംഖ്യക്ക് നൽകുന്ന വെയ്റ്റേജിന് സ്വീകരിക്കേണ്ട ഉചിതമായ മാനദണ്ഡം സംബന്ധിച്ച് തിരുമാനമെടുക്കുവാനുള്ള കൂടുതൽ ഫ്ളെക്സിബിലിറ്റി കമ്മീഷന് ലഭ്യമാക്കണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങൾക്കിടയിലുള്ള നികുതി വിഭജനത്തിനുള്ള മാനദണ്ഡങ്ങളിൽ 1971 കാനേഷുമാരി അടിസ്ഥാനമാക്കിയുള്ള ജനസംഖ്യാപരമായ നേട്ടങ്ങൾക്ക്, ജനസംഖ്യക്ക് തുല്യമായ വെയ്റ്റേജ് നല്കണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. വരുമാന അന്തരത്തിനുള്ള വെയ്റ്റേജ് 50%-ൽ നിന്നും 20% ആക്കണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. |

| മാനദണ്ഡം | വെയിറ്റേജ് |
| --- | --- |
| ജനസംഖ്യ 2011 സെൻസസ് അടിസ്ഥാനമാക്കി | 30 % |
| ജനസംഖ്യാപരമായ നേട്ടം (1971-ലെ ജനസംഖ്യ അടിസ്ഥാനമാക്കി) | 30 % |
| വരുമാന അന്തരം | 20 % |
| വിസ്തീർണ്ണം | 10 % |
| വനമേഖല | 10 % |

പ്രത്യേക മേഖല ഗ്രാന്റുകൾ നൽകുവാൻ ധനകാര്യ കമ്മീഷൻ തീരുമാനിക്കുകയാണെങ്കിൽ ഭരണഘടനയുടെ ആർട്ടിക്കിൾ 275 പ്രകാരം സംസ്ഥാനത്തിന് ചുവടെ പറയുന്ന മേഖലകളിൽ സാമ്പത്തിക സഹായം നൽകുന്നതിനായി പരിഗണിക്കേണ്ടതാണ്.

(i) തീരപ്രദേശ സംരക്ഷണം - 1500 കോടി

(ii) വനസംരക്ഷണം - 1000 കോടി

(iii)റബ്ബർ കർഷകർക്കുള്ള സഹായം - 250 കോടി

(iv) മടങ്ങി വരുന്ന പ്രവാസികളുടെ പുനരധിവാസം - 1500 കോടി

(v)മെച്ചപ്പെട്ട തൊഴിൽ ലഭിക്കുന്നതിനാവശ്യമായ നൈപുണ്യ വികസനം - 750 കോടി

(vi) റവന്യൂ കമ്മി ഗ്രാന്റ് തുടരേണ്ടതാണ്.

(vii) 2011-ലെ സെൻസസ് അടിസ്ഥാനമാക്കി നികുതി വിഹിതം നിശ്ചയിക്കുന്നതിനുള്ള ടേംസ് ഓഫ് റഫറൻസിലെ നിർദ്ദേശം പിൻവലിക്കുക.

(viii) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് 60% ബേസിക് ഗ്രാന്റും 10 % പേർഫോർമൻസ് ഗ്രാന്റും, ബാക്കി 30% തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഫണ്ട്, ചുമതലകൾ, ഉദ്യോഗസ്ഥ വിന്യാസം എന്നിവ അടിസ്ഥാനമാക്കേണ്ടതാണ്. 10 % പേർഫോർമൻസ് ഗ്രാന്റ്, ഓഡിറ്റിംഗ്, അക്കൗണ്ടിംഗിലെ ഇ-ഗവേർണൻസ് നടപടികൾ, പരിസ്ഥിതി സൗഹാർദ്ദ നടപടികൾ എന്നിവയുടെ അടിസ്ഥാനത്തിൽ നൽകാവുന്നതാണ്.

| | |
|---|---|
| | (ix) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ SDRF കോർപ്പസ് ഗണ്യമായി ഉയർത്തുകയും കേന്ദ്രവിഹിതം 90 % ആക്കുകയും ചെയ്യേണ്ടതാണ്. ഇതിൽ നിന്നും ഫണ്ട് വിനിയോഗിക്കുന്നതിനുള്ള നിബന്ധനകൾ ലളിതമാക്കേണ്ടതാണ്.<br>(x) സംസ്ഥാനത്തിന്റെ കടം എടുക്കുന്നതിനുള്ള പരിധി GSDP യുടെ 3 % നിലനിർത്തുകയും മറ്റ് നിബന്ധനകൾ ഏർപ്പെടുത്താതിരിക്കുകയും ചെയ്യുക.<br>(xi) തൊഴിൽ നികുതിയുടെ പരിധി ഉയർത്തുന്നതിന് ഭരണഘടനാ ഭേദഗതി ശുപാർശ ചെയ്യുക.<br>ഇതിന്മേലുള്ള കമ്മീഷന്റെ പ്രതികരണം കേന്ദ്ര ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചാൽ മാത്രമേ വ്യക്തമാകുകയുള്ളൂ. |
| ഡി) തൊഴിൽ നികുതി ഈടാക്കുന്നതിന് ഭരണഘടനയിൽ നിഷ്കർഷിച്ചിട്ടുള്ള പരിധി ഉയർത്തുന്നതിന് ഭരണഘടനാ ഭേദഗതി ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ? | 1988-ൽ നിശ്ചയിച്ച പരിധിയിന്മേൽ ഇപ്പോൾ ഈടാക്കുന്ന തൊഴിൽ കരം ഭരണഘടന ഭേദഗതിയിലൂടെ വർദ്ധിപ്പിക്കണമെന്ന് പതിനഞ്ചാം ധനകാര്യ കമ്മീഷന് നൽകിയ മെമ്മോറാണ്ടത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ആഫീസർ